## എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് & ടെക്നോളജിയിലെ നിയമനങ്ങൾ

132 (1188) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയിലെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരെ നിയമിക്കാനുള്ള അടിസ്ഥാന യോഗ്യതകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന യോഗ്യത കൂടാതെ മറ്റ് മാനദണ്ഡങ്ങൾ എന്തൊക്കെയാണ് പ്രസ്തുത നിയമനങ്ങൾക്കായി പരിഗണിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ;

(സി) ഇപ്പോൾ പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നവർ നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ളവരാണോ;

(ഡി)എങ്കിൽ പ്രസ്തുത സ്ഥാനത്ത് തുടരുന്നവരുടെ അക്കാദമികവും മറ്റ് യോഗ്യതകളും വിശദമാക്കാമോ?

### ഉത്തരം

(എ&ബി) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് &ടെക്നോളജിയിലെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നിയമനം സംബന്ധിച്ചുള്ള അടിസ്ഥാന യോഗ്യതകളും, മറ്റ് മാനദണ്ഡങ്ങളും വിശദമാക്കുന്ന സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് അനുബന്ധം (എ) ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) ഉത്തരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്

133 (1189) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി സത്വര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly